വൈദ്യുതി മാറ്റ് സംസ്ഥാനങ്ങൾക്ക് വിൽക്കുന്നതിനുള്ള പദ്ധതി

10 [1999] ശ്രീ. വി. ജെ. പൗലോസ്:
,, എം. ഐ. പോൾസൺ മാസ്റ്റർ:
,, കെ. എ. ചന്ദ്രൻ:
,, കെ. മുഹമ്മദാലി:
പ്രൊഫസർ കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി മാറ്റ് സംസ്ഥാനങ്ങളിൽ വിൽക്കുന്നതിനുള്ള പദ്ധതി സംസ്ഥാന വൈദ്യുതി ബോർഡ് ഗവൺമെന്റിനോ വൈദ്യുതി റഗുലേറ്ററി കമ്മീഷനോ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) മഴക്കാലത്ത് ചെറുകിട ഡാമുകളിലെ വെള്ളം ഇടുക്കി, ശബരിഗിരി മുതലായ ഡാമുകളിലേക്കൊഴുക്കുവാൻ എന്തെങ്കിലും ഏർപ്പാടുണ്ടാക്കുവാൻ പരിപാടിയുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന എൻ.ടി.പി.സി. കായംകുളം നിലയത്തിലെ കെ.എസ്.ഇ.ബി.-യുടെ വിഹിതമായ വൈദ്യുതിയിൽ 150 എം. ഡബ്ല്യു. വൈദ്യുതി എൻ.ടി.പി.സി. വിദ്യുത്വ്യാപാർ നിഗം ലിമിറ്റഡിലൂടെ മറ്റ് സംസ്ഥാനങ്ങൾക്ക് വിൽക്കുന്നതിന് ഒരു പദ്ധതി പ്രകാരം 2005 ജൂൺ 30 വരെ വൈദ്യുതി വിൽക്കുന്നതിനുള്ള അനുമതി സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനും സർക്കാരും നൽകിയിട്ടുണ്ട്.

(ബി,സി) ഇടുക്കി പദ്ധതിയുടെ റിസർവോയറിലേക്ക് വടക്കേപ്പുഴ ഡൈവേർഷൻ വഴി 12 എം.യു. വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവശ്യമായ ജലവും, വഴിക്കടവ് ഡൈവേർഷൻ വഴി 24 എം.യു. വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവശ്യമായ ജലവും ഒഴുകിയെത്താനുള്ള പദ്ധതികൾ നിലവിലുണ്ട്.

ശബരിഗിരി പദ്ധതിയുടെ പ്രധാന റിസർവോയറായ പമ്പാ ഡാമിലേക്ക് 125 എം.യു. വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവശ്യമായ ജലം, ശബരിഗിരി ഓഗ്മെന്റേഷൻ പദ്ധതി വഴി ഒഴുകിയെത്താനുള്ള ഒരു പദ്ധതി നിലവിലുണ്ട്.

വൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട്

11 [2000] ശ്രീ. ലൂഡി ലൂയിസ്:
,, കെ. സുധാകരൻ:
,, ജോർജ് ജെ. മാത്യു:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly